# ഏലിയാ സ്ലീവാ മൂശക്കാലം

ഏലിയാക്കാലം 3-ാം ഞായർ

സെപ്തംബർ 12, 2010

## 1. പഴയനിയമ വായനകൾ

I. നിയാമാവർത്തനം 8:11-20

II. ഏശയ്യ 33:13-24

I. സ്മൃതി സുകൃതവും വിസ്മൃതി വിനാശവുമാണ്. നേട്ടങ്ങളുടെ പട്ടികയിൽ കണ്ണുടക്കി സൃഷ്ടാവിനെ വിസ്മരിക്കുന്ന മനുഷ്യന്റെ അഹന്തക്ക് എതിരെയുള്ള മുന്നറിയിപ്പാണ്. നിയമാവർത്തനപുസ്തകം 8- ാം അദ്ധ്യായം നമുക്ക് നല്കുന്നത്. ഇസ്രായേലിന് വസിക്കാൻ ഇടവും അനുഭവിക്കാൻ സുസ്ഥിതിയും നല്കിയത് ദൈവമാണ്. മരുഭൂമി അനുഭവങ്ങളിൽ മന്നയുടെ സമ്പന്നരുചി നല്കിയതും പ്രവാസകാലത്ത് നിവാസത്തിന് ഇടം നല്കിയതും ദൈവമാണ്. ഇക്കാര്യങ്ങളൊക്കെ വിസ്മരിച്ച് അന്യദേവന്മാരുടെ പിറകെ പോകുന്നതും മനുഷ്യവഴികളിൽ ദൈവം പരിപാലനയുടെ ചിറകുകളിൽ അവതരിച്ചതും മറക്കാതിരിക്കാൻ ദൈവത്തിന്റെ കല്പന മനുഷ്യന്റെ നിരന്തരസ്മരണയാകണം; ദൈവത്തോട് ചെയ്ത ഉടമ്പടി തുടരുന്ന ഉത്തരവാദിത്വവുമാകണം.

II. നീതിയുടെ വഴികളിൽ സഞ്ചരിക്കുന്നവൻ വസിക്കുന്ന ഭവനം പ്രശാന്തവസതിയും കെട്ടുന്ന കൂടാരങ്ങൾ ബലിഷ്ഠഗോപുരങ്ങളുമായിരിക്കും. അവന്റെ ബലഹീനതകളിൽ ഇടറിപ്പോയതിനൊക്കെ പൊറുതിയും ലഭിക്കും. ദൈവം ന്യായാധിപനും ഭരണാധികാരിയുമായി ആർക്കൊക്കെ മാറുന്നുവോ അവനൊക്കെ രക്ഷയും സമൃദ്ധിയും ലഭിക്കും. നീതിമാന്റെ വഴികളിൽ നന്മയായി, സാന്ത്വനമായി, സൗഖ്യമായി ദൈവം ഇറങ്ങിവരും.

## 2. പുതിയനിയമ വായനകൾ

ഫിലിപ്പിയർ 2:1-11

മത്തായി 5:1-12

1. ക്രിസ്തുശിഷ്യർക്ക് ചിന്തയ്ക്ക് ഒരു വിഷയമേയുള്ളൂ - ദൈവസ്നേഹം

ക്രിസ്തുശിഷ്യർക്ക് പ്രവർത്തിയ്ക്കാൻ ഒരു പാഠമേയുള്ളൂ - മനുഷ്യസ്നേഹം

ക്രിസ്തുശിഷ്യർക്ക് പ്രകടിപ്പിക്കാൻ ഒരു അഭിപ്രായമേയുള്ളൂ - കാരുണ്യം

എല്ലാകാര്യത്തിലും ദൈവം ഒന്നാമൻ

എല്ലാകാര്യത്തിലും അപരൻ രണ്ടാമൻ

എല്ലാകാര്യത്തിലും ഞാൻ മൂന്നാമൻ

എന്ന മനോഭാവമാണ് ക്രിസ്തുശിഷ്യർ പുലർത്തേണ്ടത്. സ്വയം ശൂന്യനും ദാസനുമായി പരിഗണിച്ച ക്രിസ്തുതന്നെ നമുക്ക് അതിനുള്ള മാതൃക വിനയത്തിന്റെ ഇരിപ്പിടങ്ങളിൽ ഔന്നത്യത്തിന്റെ പടവുകൾ അടയിരിക്കുന്നുണ്ടെന്ന് നമുക്ക് മറക്കാതിരിക്കാം. നീ ആരെങ്കിലുമൊക്കെയാകാൻ ആരുമാകാൻ ആഗ്രഹിക്കാതിരിക്കുക. ഉണർത്തുന്നതും ഉയർത്തുന്നതും ഉടയവനാണ്. നമ്മുടെ സമൂഹങ്ങളിൽ മത്സരവും മനസ്സുകളിൽ മാത്സര്യവും ഉണ്ടാകരുത്. ഐക്യത്തോടെ നമുക്ക് അവന് സാക്ഷ്യം നല്കാം.

2. 'ഭാഗ്യ'ങ്ങൾ വെടിഞ്ഞ് സൗഭാഗ്യത്തിലേക്കൊരു പ്രയാണം.

ഭാഗ്യാന്വേഷികളായ വർത്തമാനകാലവക്താക്കളുടെ മുമ്പിൽ വ്യത്യസ്തമായൊരു ഭാഗ്യദർശനമാണ് ക്രിസ്തു അവതരിപ്പിക്കുന്നത്. മലമുകളിൽ നല്കപ്പെട്ട ഈ ഭാഗ്യദർശനം, അദ്ധ്വാനിക്കാതെ കൈവരുന്ന നേട്ടങ്ങളാണ് ഭാഗ്യമെന്ന സാധാരണഭാഗ്യസങ്കല്പത്തിൽനിന്നും വ്യത്യസ്തമാണ്. ഭാഗ്യത്തിന്റെ വഴികളിൽ സഞ്ചരിക്കാനും സ്വന്തം സുസ്ഥിതി സുരക്ഷിതമാക്കുന്ന ഭാഗ്യങ്ങളിലേക്ക് എത്തിച്ചേരാനും മനുഷ്യൻ കാണിക്കുന്ന വ്യഗ്രതയുടെ മുൻപിൽ, അപരനിലേക്ക് നടത്തേണ്ട ഒരു സ്നേഹതീർത്ഥാടനമാണ് യഥാർത്ഥഭാഗ്യം എന്നാണ്.

3. **ക്രിസ്തുവിന്റെ ഭാഗ്യദർശനത്തിന്റെ പൊരുൾ.**

അപരന്റെ നൊമ്പരവും കണ്ണീരും കഷ്ടങ്ങളും നഷ്ടങ്ങളും പരിഗണിക്കപ്പെടാത്തൊരു ഭാഗ്യദർശനം ക്രിസ്തുവിന് സ്വീകാര്യമല്ല. വർഷംതോറും പരിഷ്കരിക്കപ്പെടുന്ന ഭാഗ്യവാന്മാരുടെ പട്ടികയിൽ പെടാത്തൊരു കൂട്ടരെയാണ് എന്നെന്നേയ്ക്കുമായി പ്രസിദ്ധീകരിക്കപ്പെട്ട അഷ്ടഭാഗ്യ പട്ടികയിൽ ക്രിസ്തു ഉൾപ്പെടുത്തിയിരിക്കുന്നത്. ദരിദ്രർ, കരയുന്നവർ, ശാന്തശീലർ, നീതിക്കുവേണ്ടി നിലകൊള്ളുന്നവർ, കാരുണ്യമുള്ളവർ, ഹൃദയശുദ്ധിയുള്ളവർ, സമാധാനകാംക്ഷികൾ, സഹിക്കുന്നവർ, അവഹേളിക്കപ്പെടുന്നവർ, പീഡിക്കപ്പെടുന്നവർ : അവന്റെ ഭാഗ്യപ്പട്ടിക നീളുകയാണ്.

അപരനിലേക്കു നടത്തേണ്ട സ്നേഹതീർത്ഥാടനം ഒരു സൗഭാഗ്യമായി ക്രിസ്തുശിഷ്യൻ കരുതണം. അവന്റെ വഴികളിൽ ലോകത്തിന്റെ ഭാഗ്യദർശനങ്ങൾ തട  മാകരുത്. ഈ തീർത്ഥാടനം ദാരിദ്ര്യത്തിന്റെ വഴികളിൽ ആരംഭിക്കണം. ഭാരപ്പെടുത്തുന്ന മടിശ്ശീലയോ സഞ്ചാരത്തെ ദുഃ  ഹമാക്കുന്ന സഞ്ചിയോ നമുക്ക് വേണ്ട. ധനത്തിൽ നിന്നും സ്വത്തിൽ നിന്നും മാന്യമായൊരകലവും നമുക്ക് സൂക്ഷിക്കാം. വാരിക്കൂട്ടുന്നതിലല്ല, വിതരണം ചെയ്യുന്നതിലാണ് സൗഭാഗ്യം: സ്വന്തമാക്കുന്നതിലല്ല, പങ്കുവയ്ക്കുന്നതിലാണ് സൗഭാഗ്യം. ആത്മാവിൽ നീയനുഭവിക്കുന്ന ദാരിദ്ര്യം അപരനിലേക്കെത്തുന്ന കാരുണ്യമായി മാംസം ധരിക്കണം.

സാന്ത്വനമാണ് കരയുന്നവരുടെ ഭാഗ്യം. മനുഷ്യരുടെ കണ്ണീരു തുടയ്ക്കാൻ നീ കാണിക്കുന്ന വ്യഗ്രതയാണ് നിന്റെ സൗഭാഗ്യം. അപരന്റെ കവിളിലൂടെയൊഴുകുന്ന കണ്ണീരത്രയും എന്റെ നെഞ്ചിലൂടെയൊഴുകുന്നുവെന്നതിന്റെ പിടച്ചിലാണ് സൗഭാഗ്യത്തിന്റെ വഴികൾ.

4. നീതി നിഷേധത്തിന്റെ നെറികേടിനുമുമ്പിൽ ഒരു പുതിയ വിശപ്പിന്റെയും ദാഹത്തിന്റെയും അനുഭവം നിനക്കുണ്ടോ? നീതി നിഷേധിക്കപ്പെടുന്ന നി  ഹായരുടെ മൗനനൊമ്പരം നിന്റെ വിശപ്പും ദാഹവുമായി മാറുമ്പോൾ നീതിമാനായ ദൈവത്തിന്റെ പട്ടികയിലെ സൗഭാഗ്യസന്താനമായി നീ മാറുകയാണ്.

കാരുണ്യം ദൈവത്തിന്റെ സ്വഭാവമാണ്. അവിടത്തെ സ്വഭാവത്തിനൊത്തവിധം നമ്മോട് കരുണ കാണിക്കണമെന്നാണ് നമ്മുടെ പ്രാർത്ഥന. കാരുണ്യം എന്നത് സ്നേഹത്തിന്റെ കവിഞ്ഞൊഴുകലാണ്. ആ കവിഞ്ഞൊഴുകലിൽ ജാതിവരമ്പുകൾ അപ്രസക്തമാകും; നിയമങ്ങളും ചട്ടങ്ങളും തിരസ്കരിക്കപ്പെടും. നീതി തിരസ്കരിക്കപ്പെടും. നീതിയുടെ മാനദണ്ഡങ്ങൾ പുനഃർനിർവ്വചിക്കപ്പെടും. ''എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് കാരുണ്യവാനാണ്'' ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നോട് കരുണ തോന്നണമെ എന്നാണ് എന്റെ അനുദിന പ്രാർത്ഥന. സഹജീവികളുടെ കഠിന വ്യാകുലങ്ങളുടെ മുമ്പിൽ കരയാൻ ഇത്തിരി കണ്ണുനീരും സഹോദരരുടെ നീറുന്ന സി  ഹായതയുടെ മുമ്പിൽ പങ്കുവയ്ക്കാൻ ഇത്തിരി സ്വത്തും നമുക്ക് കാത്തുവെയ്ക്കാം.

തെളിഞ്ഞ ആകാശംപോലെ തെളിഞ്ഞ മന ് - അതിൽ നിറയെ നക്ഷത്രങ്ങൾ - നന്മയുടെയും നൈർമ്മല്യത്തിന്റെയും ശുദ്ധിയുടെയും. ദൈവദർശനത്തിന്റെ സൗഭാഗ്യം ഇക്കൂട്ടർക്കുതന്നെ. ദൈവത്തെ കണികണ്ടുണരാൻ, ശുദ്ധിയുള്ള ഹൃദയം കാണിക്കയായി നല്കാം.

മലമുകൾ ഇരിപ്പിടമാക്കി സമാധാനസംരക്ഷകർ ഭാഗ്യവാന്മാരാണെന്ന് വിളിച്ചുപറയുന്നതിന്റെ ക്രിസ്തു ചിത്രം ലോകത്തിന്റെ മുമ്പിൽ നിതാന്ത പ്രതിഷ്ഠ നേടേണ്ട ചിത്രമാണ്.

5. സന്ദർശിക്കുന്ന ഭവനങ്ങൾക്ക് സമാധാനം ആശംസിക്കണമെന്ന ഗുരുമൊഴിയും ''നിങ്ങൾ പരസ്പരം സമാധാനം ആശംസിക്കുവിൻ'' എന്ന പ്രാർത്ഥനാപൂർണ്ണമായ ഓർമ്മപ്പെടുത്തലും സമാധാനത്തിന്റെ ഗബ്രിയേലുകളാകാനുള്ള ആഹ്വാനം തന്നെയാണ്.

സഹോദരനിലേയ്ക്കും അവന്റെ അനുദിന അനുഭവങ്ങളിലേക്കും നിനക്കെങ്ങനെ തീർത്ഥാടനം നടത്താൻ കഴിയുമെന്നതിന്റെ Pilgrim Guide ആണ് മലയിലെ പ്രസംഗം.

വചനാധിഷ്ഠിത ഭാഗ്യഗർശനത്തിലൂടെ നീതിയുടെ നേർവരകൾ മായിച്ചുകളയുന്ന കരുണയിലൂടെ മുഖത്തും മൊഴികളിലും ഹൃത്തിലും പ്രവൃത്തിയിലും പ്രസരിക്കുന്ന പ്രശാന്തതയിലൂടെ, നിന്റെ ചേതനയിലൂടെ ഒഴുകുന്ന വിശുദ്ധിയിലൂടെ, സഹോദരന് സമാധാനത്തിന്റെയും സാന്ത്വനത്തിന്റെയും സാന്നിധ്യമാകുന്നതിലൂടെ ഈ തീർത്ഥാടനം നിനക്ക് സാധ്യമാകും.

കരയുന്നതിന്റെ കാരണം തിരക്കിയ ഗുരുവിനെപ്പോലെ ലോകത്തിലെ കണ്ണുനീരിന്റെയൊക്കെ കാരണം തിരക്കുന്നൊരു മനസ്സ് ഒരുക്കുന്നതിലൂടെ, അവഹേളിക്കപ്പെട്ടവർ നിന്റെ മുമ്പിൽ വിലമതിക്കപ്പെട്ടവ രായി മാറുന്നതിലൂടെ, പീഡിപ്പിക്കപ്പെടുന്നവർ നിന്റെ മുമ്പിൽ മോചിക്കപ്പെട്ടവരായി മാറുന്നതിലൂടെ, ദൈവത്തിന്റെ സ്വന്തം മക്കളെന്ന വലിയ സൗഭാഗ്യത്തിലേക്ക് നിനക്കെത്താം. നിന്റെ സ്നേഹത്തിലും നിന്റെ ഭാഗ്യങ്ങളിലും നിന്റെ സഹോദരന് പങ്കും അവകാശവും നീ അനുവദിച്ചാൽ മലയിലെ പ്രസംഗം നിന്റെ മനസ്സിലെ പ്രമാണമായി മാറും. അഷ്ടഭാഗ്യദർശനത്തിലൂടെയൊഴുകുന്ന കൃപ നിന്റെ ഹൃത്തോളം എത്തട്ടെയെന്നാണെന്റെ പ്രാർത്ഥന.

**റവ. ഡോ. പോളി പടയാട്ടി**